# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2252:** **26/03/2013- ൽ മറുപടിക്ക്**

## പീഡിത വ്യവസായ യൂണിറ്റുകൾ

**ചോദ്യം** **ഉത്തരം**

**ശ്രീ. മുല്ലക്കര രത്നാകരൻ :**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| | സംസ്ഥാനത്തെ പീഡിത വ്യവസായ യൂണിറ്റുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | | പീഡിത സൂക്ഷ്മ-ചെറുകിട വ്യവസായ യൂണിറ്റുകളുടെ പീഡിതാവസ്ഥയെ ചെറുക്കുന്നതിനും, അവയെ സംരക്ഷിക്കുന്നതിനുമുള്ള ഒരു പദ്ധതി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി മോണിറ്റർ ചെയ്യുന്നുണ്ട്. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ സംസ്ഥാനത്തെ ബാങ്കുകളുടെ തലത്തിൽ ഒരു കമ്മിറ്റി ഉണ്ടാക്കുകയും പീഡിത വ്യവസായത്തിന്റെ നിർവ്വചനത്തിൽ ചില മാറ്റങ്ങൾ വരുത്തുകയും അതനുസരിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇത് ഏപ്രിൽ 1, 2013 മുതൽ പ്രാബല്യത്തിൽ വരും. പീഡിത വ്യവസായ സ്ഥാപനം രണ്ടു വർഷമെങ്കിലും തുടർച്ചയായ ഉൽപാദന പ്രവർത്തനം നടത്തണമെന്ന വ്യവസ്ഥ റദ്ദാക്കി. മൂന്നു മാസത്തിനകം പ്രവർത്തനക്ഷമമല്ലെങ്കിൽ ആയത് പീഡിത വ്യവസായമായി കണക്കാക്കണമെന്നും വ്യവസ്ഥ ചെയ്യുകയുണ്ടായി. അത്തരം യൂണിറ്റുകൾക്ക് കൃത്യമായ സമയത്ത് പീഡിത പുനരുദ്ധാരണ പദ്ധതി പ്രകാരം ആവശ്യമായ സഹായം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ